# ‘കഷ്ടങ്ങൾ സാരമില്ല’

**റോമർ 8:18**

**“നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു”**

ക്രിസ്തുവിൽ വിശ്വസിച്ച് അവനെ കർത്താവും രക്ഷിതാവുമായി ഏറ്റെടുത്തു കഴിയുമ്പോൾ നമുക്ക് രക്ഷ കൈവന്നിരിക്കുന്നു. ആ രക്ഷയിൽ നിലനിൽക്കുമ്പോൾ ആരും ചിന്തിക്കരുത് നാം ഈ ലോകത്തിലെ സകലമാന കഷ്ടങ്ങളിൽ നിന്നും മോചിതരായി എന്ന്. കാരണം, ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയത്രേ, പഴയതു കഴിഞ്ഞുപോയിരിക്കുന്നു. തുടർന്നുള്ള ജീവിതം നാം ക്രിസ്തുവിന്നുവേണ്ടി ഉഴിഞ്ഞു വെയ്ക്കുന്നു. അവിടെ നമ്മുടെ ഇഷ്ടങ്ങളോ താത്പര്യങ്ങളോ ഒന്നുമില്ല. സകലതും ക്രിസ്തുവിൽ സമർപ്പിച്ചുള്ള ഒരു ജീവിതം. അതിൽ കഷ്ടമോ നഷ്ടമോ എന്തായിക്കൊള്ളട്ടെ എന്തു തന്നെ കടന്നു വന്നാലും, നമ്മുടെ ജീവിതത്തെ പാടെ മാറ്റിക്കളഞ്ഞാലും നാം കുലുങ്ങാൻ പാടില്ല. മേൽപറഞ്ഞ വചനം അ താണ് പറഞ്ഞുവെയ്ക്കുന്നത്. അവിടെ നമുക്ക് ഒരു ലക്ഷ്യം മാത്രമേ ഉള്ളൂ, വെളിപ്പെടുവാനുള്ള തേജസ്സു വിചാരിക്കുക.

തുടർന്നുള്ള വചനങ്ങൾ വായിക്കുമ്പോൾ അവിടെ ഇപ്രകാരം പറയുന്നു (റോമർ 8:19) “സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു.” ഈ ലോകം നമുക്ക് ഉള്ളതല്ല, ഇത് ക്ഷണികമായ ഒരു വാസസ്ഥലം മാത്രമാണ്. ക്രിസ്തുവിന്റെ രണ്ടാം വരവിൽ നമ്മെ താൻ ചേർത്തുകൊണ്ട് നമ്മുടെ ശാശ്വതഭവനത്തിലേക്കു പ്രവേശിക്കും. അവിടെ നാം നിത്യമായി നമ്മുടെ പിതാവാം ദൈവത്തോടൊപ്പം വാഴും. അവിടെ കരച്ചിലില്ല, പല്ലുകടിയില്ല എന്നൊക്കെ നാം വചനത്തിൽ വായിക്കുന്നുണ്ട്. നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണെന്നു വചനം പറയുന്നു. (ഫിലിപ്പിയർ 3:20) ‘നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു.’’ ഇ താണ് നാം പ്രത്യാശിക്കുന്ന നമ്മിൽ വെളിപ്പെടാനിരിക്കുന്ന തേജസ്സ്. ദൈവപുത്രന്റെ തേജസ്സ് നമ്മിൽ വെളിപ്പെട്ട് വരുമ്പോൾ നാം അവനോടൊപ്പം ചേർക്കപ്പെടും. മരിച്ചവർ മുമ്പെ ഉയിർക്കും ശേഷം ജീവനോടുള്ളവർ അവനോടൊപ്പം ചേർക്കപ്പെടും.

1 പത്രോസ് 2:11–12 ൽ പറയുന്നു "പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു ജാതികൾ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിക്കുന്നേടത്തോളം നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടറിഞ്ഞിട്ടു സന്ദർശന ദിവസത്തിൽ ദൈവത്തെ മഹത്വപ്പെടുത്തേണ്ടതിന്നു അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പു നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു." നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ച് സകലതും ചപ്പും ചവറും എന്നെണ്ണി ജീവിതം മുമ്പോട്ട് കൊണ്ടുപോകുമ്പോൾ പൗലോസിന്റെ ഈ വചനങ്ങൾ നാം മറന്നു പോകരുത്. നമ്മുടെ നടപ്പു എന്നും നന്നായിരിക്കേണം. തന്നെത്താൻ ത്യജിച്ച് അനുനിമിഷം തന്റെ ക്രൂശെടുത്ത് അവനെ അനുഗമിക്കാനാണ് കർത്താവ് നമ്മോട് ആഹ്വാനം ചെയ്യുന്നത്. അതിനായി ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ ഓരോരുത്തരേയും സഹായിക്കുമാറാകട്ടെ.

പരാമർശം:
1 പത്രോസ് 2:13

"സകലമാനുഷനിയമത്തിന്നും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ"

ബ്രദർ. ബിനു ബേബി ആലപ്പുഴ 091